## യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം

1834ൽ ശ്രീ സ്വാതിതിരുനാൾ രാമവർമ്മയുടെ ഭരണകാലത്ത് ഇംഗ്ലീഷ് സ്കൂൾ ആയി ആരംഭിച്ച് 1866 ൽ കോളേജായി മാറിയ കേരളത്തിലെ ഏറ്റവും പഴക്കമുള്ള കലാലയമാണ് യൂണിവേഴ്സിറ്റി കോളേജ്. ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിൽ ഈ കലാലയത്തിന്റെ പങ്ക് ഏറെ ശ്രദ്ധേയമാണ്. ഗാന്ധിജിയുടെയും രവീന്ദ്രനാഥ ടാഗോറിന്റെയും പാദസ്പർശമേറ്റ ഈ കലാലയത്തിന്റെ ക്ലാസ്മുറികൾ നോബൽ സമ്മാനം നേടിയ ശാസ്ത്രജ്ഞർ ഉൾപ്പെടെയുള്ള അദ്ധ്യാപക ശ്രേഷ്ഠരുടെ പ്രഭാഷണങ്ങൾക്ക് സാക്ഷിയാണ്. ഇന്ത്യയുടെ മുൻ രാഷ്ട്രപതി ശ്രീ.കെ.ആർ.നാരായണൻ, മുഖ്യമന്ത്രിമാർ, ഗവർണ്ണർമാർ, അംബാസിഡർമാർ, ശാസ്ത്രജ്ഞർ, സാംസ്കാരിക നായകർ തുടങ്ങി രാജ്യത്തിനകത്തും പുറത്തും പ്രശസ്തരായ ഒട്ടേറെ പേർ ഈ കലാലയത്തിന്റെ സന്തതികളാണ്. 1909 ൽ ശ്രീമതി. മേരി പുന്നൻ ലൂക്കോസിലൂടെ സ്ത്രീശാക്തീകരണത്തിന്റെ പുതിയ അദ്ധ്യായം രചിച്ച ഈ കോളേജിൽ നിന്നാണ് കേരളത്തിലെ ആദ്യ സർവ്വകലാശാലയായ തിരുവിതാംകൂർ സർവ്വകലാശാല ഉടലെടുക്കുന്നത്. നാക് അക്രഡിറ്റേഷനിൽ എ ഗ്രേഡ് ലഭിച്ച ഈ കലാലയത്തിൽ 23 ബിരുദ-ബിരുദാനന്തര പഠനവിഭാഗങ്ങളിലും 12 ഗവേഷണവകുപ്പുകളിലുമായി മൂവായിരത്തിയഞ്ഞൂറോളം വിദ്യാർഥികൾ പഠിക്കുന്നു. കേരളത്തിലെ വിദ്യാഭ്യാസ മുന്നേറ്റങ്ങൾക്ക് രംഗഭൂമിയായ ഈ കലാലയത്തിന്റെ നൂറ്റമ്പതാം വാർഷികാഘോഷം കേരളത്തിന്റെ ആഘോഷമാണ്.



# യൂണിവേഴ്സിറ്റി കോളേജ്

തിരുവനന്തപുരം

# ശതോത്തര സുവർണ്ണജൂബിലി ആഘോഷം

## 1866 - 2016

## ഉദ്ഘാടനം

2016 ജൂൺ 22
ബുധനാഴ്ച രാവിലെ 11 മണി
**കോളേജ് അങ്കണം**

**ശ്രീ. പിണറായി വിജയൻ**
ബഹു: കേരള മുഖ്യമന്ത്രി

സുഹൃത്തേ,

കേരളത്തിലെ ആദ്യത്തെ കലാലയമായ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് ശതോത്തര സുവർണ്ണജൂബിലി ആഘോഷിക്കുകയാണ്. ദേശീയ - അന്തർദേശീയതലങ്ങളിൽ ശ്രദ്ധേയരായ വ്യക്തിത്വങ്ങളെ രൂപപ്പെടുത്തിയ ഈ കലാലയം കേരളത്തിന്റെ അഭിമാനമായി നിലകൊള്ളുന്നു. ഒരു വർഷം നീണ്ടുനിൽക്കുന്ന ആഘോഷപരിപാടികളുടെ ഉദ്ഘാടനം ആദരണീയനായ കേരള മുഖ്യമന്ത്രി **ശ്രീ. പിണറായി വിജയൻ** നിർവ്വഹിക്കും.

2016 ജൂൺ 22 ബുധനാഴ്ച രാവിലെ 11 ന് കോളേജ് അങ്കണത്തിൽ നടക്കുന്ന ഉദ്ഘാടനച്ചടങ്ങിലേക്ക് താങ്കളെ സാദരം ക്ഷണിക്കുന്നു.

സംഘാടകസമിതിക്കുവേണ്ടി

**ലെനിൻ രാജേന്ദ്രൻ**
ചെയർമാൻ

**ഡോ പി എസ് ശ്രീകല**
ജനറൽ കൺവീനർ

**ഡോ എം എസ് വിനയചന്ദ്രൻ**
പ്രിൻസിപ്പൽ & വർക്കിംഗ് ചെയർമാൻ






# കാര്യപരിപാടി

| | | |
|---|---|---|
| ഒ.എൻ.വി.സ്മരണ | : | **കാവ്യാവതരണം** |
| സ്വാഗതം | : | **ഡോ. പി.എസ്. ശ്രീകല**<br>ജനറൽ കൺവീനർ |
| അധ്യക്ഷൻ | : | **പ്രൊഫ. സി. രവീന്ദ്രനാഥ്**<br>ബഹു. വിദ്യാഭ്യാസവകുപ്പുമന്ത്രി |
| ഉദ്ഘാടനം | : | **ശ്രീ. പിണറായി വിജയൻ**<br>ബഹു. മുഖ്യമന്ത്രി |
| മുഖ്യമന്ത്രിയെ ആദരിക്കൽ | : | **ശ്രീ. ലെനിൻ രാജേന്ദ്രൻ**<br>ചെയർമാൻ, സംഘാടകസമിതി |
| ആശംസകൾ | : | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>ബഹു. വൈദ്യുതി, ദേവസ്വം വകുപ്പുമന്ത്രി |
| | : | **ശ്രീ. വി.എസ്. ശിവകുമാർ**<br>ബഹു. എം.എൽ.എ |
| | : | **അഡ്വ. വി.കെ. പ്രശാന്ത്**<br>ബഹു. മേയർ, തിരുവനന്തപുരം നഗരസഭ |
| മുഖ്യപ്രഭാഷണം | : | **ശ്രീ. എൻ.എസ്. മാധവൻ** |
| സാന്നിദ്ധ്യം | : | **ശ്രീ. പി.ഐ. ഷെയ്ക് പരീത് ഐ.എ.എസ്**<br>ഡയറക്ടർ, കോളേജ് വിദ്യാഭ്യാസവകുപ്പ് |
| റിപ്പോർട്ട് | : | **ഡോ. എം.എസ്. വിനയചന്ദ്രൻ**<br>പ്രിൻസിപ്പൽ |
| നന്ദി | : | **ശ്രീ. ജി. സന്തോഷ്കുമാർ**<br>കൺവീനർ, പ്രോഗ്രാം കമ്മിറ്റി |